കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - എൻഡോസൾഫാൻ വിഷബാധ മൂലം തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവർക്ക് ധനസഹായം പ്രതിമാസം 2000/-രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും രോഗികളായ മറ്റുള്ളവർക്ക് പ്രതിമാസം 1000/- രൂപ ധനസഹായം അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യക്ഷേമ (സി) വകുപ്പ്

സ.ഉ.(എം.എസ്)നം.89/2010/സാക്ഷേവ തിരുവനന്തപുരം, തിയതി:6/12/2010

പരാമർശം:-1) 29.5.2010ലെ സ.ഉ.(എം.എസ്)നം.29/2010/സാക്ഷേവ നമ്പർ ഉത്തരവ്.

2) 2.9.2010ലെ സഉ.(സാധാ)നം.383/2010/സാക്ഷേവ നമ്പർ ഉത്തരവ്.

ഉത്തരവ്

സംസ്ഥാനത്ത്, കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരായി തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവർക്ക് പ്രതിമാസം 2000/- രൂപ വീതവും രോഗികളായ മറ്റുള്ളവർക്ക് പ്രതിമാസം 1000/- രൂപ വീതവും താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രതിമാസ ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ആരോഗ്യ വകുപ്പ് നടത്തുന്ന സർവ്വേയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ അംഗീകരിക്കുന്ന ലിസ്റ്റ് പ്രകാരം എൻഡോസൾഫാൻമൂലം ഗുരുതരമായതും ദീർഘകാലചികിത്സ ആവശ്യമുള്ളതുമായ രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവരുമായവരിൽ, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷനായി 300/-രൂപ ലഭിക്കുന്നവർക്ക് 1700/-രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2000/-രൂപയും, എൻഡോസൾഫാൻ ദുരിതബാധിതരിൽ രോഗികളായ മറ്റുള്ളവർക്ക് 1000/-രൂപ വീതവും പ്രതിമാസം ധനസഹായം നൽകുന്നതാണ്.
2) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരെ മാത്രമാണ് ധനസഹായം നൽകുന്നതിന് പരിഗണിക്കുന്നത്.
3) ആരോഗ്യ വകുപ്പ് നടത്തിയ സർവെയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ രോഗികളുടെ ലിസ്റ്റിൽപെട്ട രോഗികളിൽ ഇതിനകം മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭിക്കാത്തവർക്ക് ബന്ധപ്പെട്ട പി.എച്ച്.സി./സി.എച്ച്.സി യിലെ ഡോക്ടർ വീടുകളിൽ ചെന്ന് പരിശോധിച്ച് രോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് ഒരാഴ്ചയ്ക്കകം നൽകേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റ് ജില്ലാ കളക്ടർ അംഗീകരിക്കേണ്ടതാണ്.
4) എല്ലാ വർഷവും ഏപ്രിൽ മാസത്തിൽ ഗുണഭോക്താവിന് രോഗപരിശോധന സർട്ടിഫിക്കറ്റ്/ലൈഫ് സർട്ടിഫിക്കറ്റ് പുതുക്കി നൽകേണ്ടതാണ്.

5) ബന്ധപ്പെട്ട രോഗികളിൽ/ഗുണഭോക്താക്കളിൽ നിന്നുള്ള അപേക്ഷ/മെഡിക്കൽ സർട്ടിഫിക്കറ്റ് ശേഖരിച്ച് സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ട ചുമതല എൻഡോസൾഫാൻ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നിയോഗിച്ചിട്ടുള്ള ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്കായിരിക്കുന്നതാണ്.

6) മേൽപറഞ്ഞ ധനസഹായത്തിന് 1.12.2010 മുതൽ പ്രാബല്യമുണ്ടായിരിക്കും.

7) ഇതിനു വേണ്ടിവരുന്ന ചെലവ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഹിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം

ബി.എസ്.മാവോജി,
സെക്രട്ടറി.

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, തിരുവനന്തപുരം.
സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ & ഇ /ആഡിറ്റ്) കേരള, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസർഗോഡ്.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
കൃഷി വകുപ്പ്.
ധനകാര്യ വകുപ്പ്.
തദ്ദേശസ്വയംഭരണ വകുപ്പ്.
ഡയറക്ടർ, ഇൻഫർമേഷൻ ആൻറ് പബ്ലിക് റിലേഷൻ വകുപ്പ് (പ്രസിദ്ധീകരണത്തിന്/ Website ൽ ഉൾപ്പെടുത്തുന്നതിന്)
പൊതുഭരണ (എസ്.സി)വകുപ്പ് (30-11-2010ലെ മന്ത്രിസഭാ യോഗത്തിലെ 5426-ാം നമ്പർ തീരുമാനം പ്രകാരം)
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

പകർപ്പ്:- ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ് -ന്
സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറിയുടെ പി.എസ്സ്.
ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ പി.എസ്സ്.
സാമൂഹ്യക്ഷേമ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എസ്സ്.

ഉത്തരവിൻ പ്രകാരം

R. Vijayan

സെക്ഷൻ ഓഫീസർ